**എസ്. കെ. മാധവൻ**
കെ. പി. സി. സി. മെമ്പർ
തളിപ്പറമ്പ്

---

ശ്രീ എ. കെ. ആൻറണിക്ക് ഞാനയച്ച കത്തിൻെറ ശരിപ്പകർപ്പാണ് താഴെ കൊടുക്കുന്നത്. കേരളത്തിലെ കോൺഗ്രസ്സിൻെറ പരമാധികാരസമിതിയായ കെ. പി. സി. സി. യിലെ അംഗമെന്ന നിലയ്ക്ക് താങ്കളുടെ അറിവിനായി ഞാനയയ്ക്കുന്ന ഈ പകർപ്പ് പരമരഹസ്യമായി സൂക്ഷിക്കണമെന്നഭ്യർത്ഥിക്കുന്നു. ഒരു കാരണവശാലും ഇതു കൈമാറുകയോ പ്രസിദ്ധീകരണത്തിനിടയാക്കുകയോ ചെയ്യരുതെന്ന് അപേക്ഷിക്കുന്നു.

---

തളിപ്പറമ്പ്,
23–3–1973

## പ്രിയപ്പെട്ട ആൻറണി,

വീണ്ടും അതേ കാര്യംതന്നെ താങ്കൾക്കെഴുതേണ്ടിവന്നതിൽ ഖേദമുണ്ട്. കേരളത്തിലെ കോൺഗ്രസ്സിൻെറ ഏററവും സമുന്നതമായ സ്ഥാനത്ത് താങ്കളെത്തപ്പെടുന്ന ഈ സന്ദർഭത്തിൽ ഞാൻ ഒരിക്കൽക്കൂടി ആവശ്യപ്പെടുകയാണ്—എം. എ. ജോണിനു നീതി ലഭിക്കണം.

കഴിഞ്ഞ തവണ കെ. പി. സി. സി. പ്രസിഡൻറ് തെരഞ്ഞെടുപ്പു കഴിഞ്ഞയുടനെ ഇതേ ആവശ്യം ഞാൻ ഉന്നയിച്ചിരുന്നു. എനിക്കുവേണ്ടിയോ എം. എ. ജോണിനുവേണ്ടിയോ അല്ല ഞാനീ ആവശ്യമുന്നയിച്ചത്. എം. എ. ജോണിനോട് നീതി ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുമ്പോൾ കോൺഗ്രസ്സ് സംഘടനയോട് നീതി ചെയ്യണമെന്നാണ് ഞാൻ പറയുന്നത്; സോഷ്യലിസ്ററ് പരിവർത്തനത്തോട് നീതിചെയ്യണമെന്നാണ് ഞാൻ പറയുന്നത്. കോൺഗ്രസ്സിലൂടെ സമതാധിഷ്ഠിതവും സമൃദ്ധവുമായ ഭാവിഭാരതമുണ്ടാകണമെന്നാഗ്രഹിക്കുന്ന പതിനായിരങ്ങളോട് നീതി ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. സർവ്വോപരി ജനാധിപത്യത്തോടും നീതി ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കെ. പി. സി. സി. യിൽ ഞാനംഗമായതിൻെറ മുഖ്യോദ്ദേശംതന്നെ നീതിയുടെപേരിൽ ഈയാവശ്യമുന്നയിക്കുന്നതിനായിരുന്നു.

അന്ന് ഞാൻ ഈയാവശ്യമുന്നയിച്ചപ്പോൾ എം. എ. ജോണിൻെറ കാര്യത്തിൽ എനിക്കറിയേണ്ടത് നേരിട്ടു സംസാരിച്ചാൽ അറിയിക്കാ

നാണു് പി. സി. സി. പ്രസിഡൻറ് വിശ്വനാഥൻ പറഞ്ഞതു്. പിന്നീടു് ഞാൻ അദ്ദേഹത്തിനു് കത്തെഴുതിച്ചോദിച്ചു. റെജിസ്റ്റേഡ് കത്തുതന്നെ അയച്ചു. എങ്കിലും മറുപടി ഉണ്ടായില്ല.

ഇന്നു് സംഘടനയുടെ നേതൃസ്ഥാനത്തിരിക്കുന്നവർക്കു് മറുപടി പറയാൻ വിഷമമുണ്ടാകുമെന്നെനിക്കറിയാം. ജോണിനെ അകററിനിർത്താൻ നേതൃസ്ഥാനീയരുടെ ഗൂഢാലോചനതന്നെ നടന്നിട്ടില്ലേ എന്നു് ഇന്നു ഞാൻ സംശയിക്കുമ്പോൾ താങ്കൾ കുററപ്പെടുത്തുകയില്ലല്ലോ!

കഴിഞ്ഞ കുറേ നാളുകളായി ഇതേ കാര്യത്തിൽ താങ്കൾ എത്രയെത്ര വാഗ്ദാനങ്ങൾ നൽകി. "ഞങ്ങൾക്കു് ജോണിനെ വേണം" എന്നു് ആയിരമായിരം യുവ പ്രവർത്തകർ വിളിച്ചു പറഞ്ഞപ്പോഴും താങ്കൾ പലതരത്തിലുള്ള വാഗ്ദാനങ്ങൾ നൽകി.

"ഞാനും നിങ്ങളും നേതാവായി ആദരിക്കുന്ന എം. എ. ജോൺ" ഇല്ലാത്ത കോൺഗ്രസ്സ് ഇനി ഉണ്ടാവുകയില്ല എന്നു് താങ്കൾ എന്നോടു പറഞ്ഞു. സിൻറിക്കേററുകാരെ പുറത്താക്കിയശേഷം എറണാകുളം ടൗൺഹാളിൽ തടിച്ചുകൂടിയ നൂറുകണക്കിനു് യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരുടെ ആവേശകരമായ യോഗം താങ്കൾ ഓർക്കുമല്ലൊ! പ്രധാനമന്ത്രി ഇന്ദിരാഗാന്ധിക്കു് കേരളത്തിലെ യൂത്ത് കോൺഗ്രസ്സുകാർ പിന്തുണ പ്രഖ്യാപിക്കുവാൻ ചേർന്ന യോഗമായിരുന്നു അതു്.

അന്നു് അദ്ധ്യക്ഷവേദിയിലിരുന്ന യൂത്ത് കോൺഗ്രസ്സ് നേതാക്കളെ നോക്കി കെ. പി. മണിലാൽ പറഞ്ഞു: "ഇവിടെ കൂടിയിരിക്കുന്നവരിൽ ആരേക്കാളും മുമ്പേ കാണേണ്ട ഒരു മുഖം ഞാൻ കാണുന്നില്ല. എന്തുകൊണ്ടു്?" മണിലാൽ ചോദിച്ചു.

ആ മുഖം ആരുടേതാണെന്നതിൽ കേരളത്തിലെ യൂത്ത് കോൺഗ്രസ്സുകാർക്കു് സംശയമുണ്ടായിരുന്നില്ല. "എം. എ. ജോൺ സിന്ദാബാദ്"—മുദ്രാവാക്യം ഹോളിൽ മുഴങ്ങിയപ്പോൾ ഞങ്ങൾക്കു് രോമാഞ്ചമുണ്ടായി. പക്ഷെ അദ്ധ്യക്ഷവേദിയിലിരുന്ന താങ്കളുടേയും കൂട്ടുകാരുടേയും മുഖങ്ങൾ വിളറുന്നതു് ഞങ്ങൾ കണ്ടു. എന്തുകൊണ്ടങ്ങിനെ സംഭവിച്ചു എന്നു് ഇന്നു ഞാൻ മനസ്സിലാക്കുന്നു. യോഗത്തിൽ പ്രസംഗിച്ച എല്ലാ പ്രാസംഗികരും—ഇരുപത്തെട്ടുപേർ എന്നാണെൻെറ ഓർമ്മ—ജോൺ സംഘടനയുടെ നേതൃത്വത്തിൽ വരണമെന്നു് ഉറപ്പിച്ചു പറഞ്ഞു. താങ്കൾ, പക്ഷെ, യോഗം പിരിച്ചുവിടുകയാണുണ്ടായതു്. നടത്താൻ നിശ്ചയിച്ചിരുന്ന ജാഥപോലും വേണ്ടെന്നുവെച്ചു. ജാഥ നടന്നിരുന്നുവെങ്കിൽ എം. എ. ജോണിനു് യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്കിടയിലുള്ള വ്യാപകമായ അംഗീകാരത്തിൻെറ പരസ്യപ്രഖ്യാപനമായിരിക്കും അതു് എന്നു് താങ്കൾക്കറിയാമായിരുന്നു.

താങ്കളും 'സുഹൃത്തുക്കളും' ഭയപ്പെടാൻ കാരണമുണ്ടായിരുന്നു. സിൻറിക്കേററ് നേതാവു് ടി. ഒ. ബാവയും മരുമകൻ ഇബ്രാഹിംകുട്ടി മേത്തരും താങ്കളും എ. സി. ജോർജ്ജും ഉമ്മൻചാണ്ടിയും ഡോ. ജോർജ്ജ് തോമസ്സും ഒന്നിച്ചിരുന്നാലോചിച്ചാണു് ജോണിനെ പുറത്താക്കാൻ തീരുമാനിച്ചതെന്നു് കേട്ടപ്പോൾ ഞാൻ വിശ്വസിക്കാൻ കൂട്ടാക്കിയിരുന്നില്ല. കേരളത്തിലെ യൂത്ത് കോൺഗ്രസ്സിൻെറ പ്രശസ്തി എന്നത്തേക്കാളുമേറെ ഉയർത്തിക്കെട്ടി

യ പാലക്കാട്ട് സമ്മേളനം കഴിഞ്ഞ സന്ദർഭമായിരുന്നു അത്. കോൺഗ്രസ്സിനെ സ്വാധീനിച്ചിരുന്ന കുബേരന്മാർക്കും കുത്തകക്കാർക്കും പാലക്കാട്ട് സമ്മേളനതീരുമാനങ്ങൾക്ക പുറകിൽ പ്രവർത്തിച്ച കൈകളേതെന്നറിയാമായിരുന്നു. അവരുടെ ശത്രു താങ്കളായിരുന്നില്ല. ജോൺതന്നെയായിരുന്നു. ടി. ഒ. ബാവ അന്നത് തുറന്നുപറയുകയും ചെയ്തിരുന്നു. ഞാനത്ഭുതപ്പെടുകയാണ്: എന്നേപ്പോലെതന്നെ താങ്കളും എത്രയോ പ്രാവശ്യം എം. എ. ജോണുമായി സംസാരിച്ചിട്ടുണ്ടായിരിക്കണം. എന്നേക്കാൾ എത്രയോ ഏറെ അടുത്തിടപഴകിയിട്ടുണ്ടായിരിക്കണം! അദ്ദേഹത്തിന്റെ ആശയങ്ങൾ അറിയാൻ അവസരമുണ്ടായിരുന്നിരിക്കണം. എന്നിട്ടും സിൻഡിക്കേറ്റ്—പിന്തിരിപ്പൻ ശക്തികൾക്ക് എത്രയോ എളുപ്പത്തിൽ താങ്കളെ അന്ന് സ്വാധീനിക്കാൻ കഴിഞ്ഞു; ‘‘ഞാനും ജോണും ഒരേ ആശയക്കാർതന്നെയാണ്’’ എന്നു പറയാൻ ഇന്നും മടികാണിക്കാത്ത താങ്കളെ സ്വാധീനിക്കാൻ കഴിഞ്ഞു!

എം. എ. ജോണിനെ സംഘടനയിൽനിന്ന് പുറത്താക്കാൻ താങ്കളുടെ അന്നത്തെ നേതാക്കൾ കണ്ടെത്തിയ കാരണമാണ് വിചിത്രം! സംഘടനയുടെ സമ്പൂർണ്ണ സമ്മേളന തീരുമാനത്തിനു വിരുദ്ധമായി പ്രസ്താവന പുറപ്പെടുവിച്ച പ്രസിഡന്റിനെ 'വിമർശിച്ചതാണത്രെ അച്ചടക്കലംഘനം! അതും കോൺഗ്രസ്സിലെ പ്രാഥമികാംഗത്വത്തിൽനിന്നുപോലും സസ്പെൻറു ചെയ്യാൻതക്ക മഹാപരാധം!!

മുക്കാൽ നൂററാണ്ടിലേറെക്കാലം നമ്മുടെ നാടിന്റെ ഭാഗധേയം നിർണ്ണയിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പാരമ്പര്യവും പ്രവർത്തനരീതിയും ബാവക്കും കൂട്ടർക്കും അറിഞ്ഞിരുന്നില്ലെങ്കിൽ ക്ഷമിക്കാമായിരുന്നു. പക്ഷെ കോൺഗ്രസ്സിനെ സോഷ്യലിസ്റ്റ് പരിവർത്തനത്തിന്റെ ഉപകരണമായിക്കാണാൻ ആഗ്രഹിക്കുന്നു എന്നു പറയുന്ന താങ്കൾ ആ മഹത്തായ ജനാധിപത്യ പാരമ്പര്യം മറക്കരുതായിരുന്നു. സ്വന്തം സർക്കുലറിനുതന്നെ വിപരീതമായി പ്രസ്താവനചെയ്ത പ്രസിഡന്റ് അദ്ദേഹത്തെ സംഘടനയുടെ തീരുമാനമെന്തെന്ന് ഓർമ്മിപ്പിച്ച ആൾക്കെതിരെ അച്ചടക്കനടപടി എടുക്കുന്നു—കോൺഗ്രസ്സ് ഭരണഘടനയിലെ വ്യവസ്ഥകൾ അദ്ദേഹത്തിന് അറിയാൻ വഴിയില്ലെന്നത് സ്വാഭാവികമാണ്. കോൺഗ്രസ്സിലെ പ്രാഥമികാംഗത്വത്തിൽനിന്ന് ആരേയും നീക്കംചെയ്യാൻ എ. ഐ. സി. സി. പ്രസിഡന്റിനല്ലാതെ മററാർക്കും അധികാരമില്ലെന്ന് എം. എ. ജോൺ പറഞ്ഞപ്പോൾ ടി. ഒ. ബാവായെപ്പോലെതന്നെ താങ്കൾ വീണ്ടും ജോണിനെ ആക്ഷേപിക്കുകയാണ് ചെയ്തത്.

ആരേക്കാളും മുമ്പേ ജോണിനുവേണ്ടി ശബ്ദമുയർത്തേണ്ടിയിരുന്ന താങ്കളും സ്വന്തം കോൺഗ്രസ്സ് നേതാക്കളും അന്ന് ടി. ഒ. ബാവക്കു വഴങ്ങിയപ്പോൾ നീതിക്കുവേണ്ടി ജോണിന് കോടതിയിൽ പോകേണ്ടിവന്നതാണോ തെററ്? ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സിലെ സമുന്നതന്മാർ പലതും കോടതിതോറും കയറിയിറങ്ങി. സംഘടനയുടെ ഭരണഘടനാ വ്യവസ്ഥകളെച്ചൊല്ലി തർക്കിച്ചത് ന്യായീകരിച്ച താങ്കൾ അന്നു ചെയ്തത് മറന്നിരിക്കയില്ലല്ലോ? എം. എ. ജോൺ കോടതി കയറിയത് മഹാപരാധമാണെന്ന് താങ്കൾ നാട്ടനീളെ നടന്ന് കോൺഗ്രസ്സുകാരെ

പറഞ്ഞുധരിപ്പിക്കാൻ ശ്രമിച്ചു. ടി. ഒ. ബാവയുടെ നിർദ്ദേശമനുസരിച്ച് യൂത്ത് കോൺഗ്രസ്സ്—കെ. എസ്. യു. കമ്മിററികൾക്ക് സർക്കുലർ അയച്ചിച്ചു—'എം. എ. ജോണിനെ യോഗങ്ങളിൽ പങ്കെടുപ്പിക്കരുതെന്നു''. ഒരു ഘട്ടത്തിൽ ബാവയേക്കാളേറെ താല്പര്യം ജോണിനെ അകററിനിറുത്തുന്നതിൽ താങ്കൾ കാണിച്ചു. നടപടിക്കുശേഷം ജോണിനോടൊപ്പം യോഗങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ ഒരൊററ കോൺഗ്രസ്സ് ഭാരവാഹിക്കെതിരെ ബാവ നടപടിയെടുത്തിട്ടില്ല. ജോണിനെ പങ്കെടുപ്പിച്ചുകൊണ്ട് യോഗങ്ങൾ സംഘടിപ്പിച്ചതിനും അദ്ദേഹത്തിന്റെ പേരിലുള്ള നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ടതിനും ഒരൊററ കമ്മിററിയെപോലും ബാവ പിരിച്ചുവിട്ടിട്ടില്ല. താങ്കളാണ് സംസ്ഥാന കമ്മിററി അംഗങ്ങളായ എത്ര യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ ജോണിനെ അനുകൂലിച്ചഭിപ്രായം പറഞ്ഞതിന്റെപേരിൽ താങ്കൾ അച്ചടക്ക നടപടി എടുത്തു പുറത്താക്കി. എൻ. ജി. ജയചന്ദ്രൻ, വി. രാമചന്ദ്രൻ, കെ. സി. ജോർജ്ജ്, ടി. ഡി. ജോർജ്ജ്, കെ. പി. സുദർശനൻ അങ്ങിനെ എത്രയോ പേർ!

അപ്പോഴും സാധാരണ യൂത്ത് കോൺഗ്രസ്സുകാരും കെ. എസ്. യുക്കാരും എം. എ. ജോണിനുവേണ്ടി വാദിച്ചുകൊണ്ടിരുന്നു. പിന്തിരിപ്പന്മാരാണു നേതാക്കൾ എന്നു് അനുയായികൾ ആക്ഷേപിച്ചു. ആ സന്ദർഭത്തിലാണ കോൺഗ്രസ്സ് സംഘടനയിൽനിന്നു് സിൻഡിക്കേററുകാർ പുറത്തുപോയതു്.

താങ്കളുടേയും കൂട്ടുകാരുടേയും നിറംമങ്ങിയ പുരോഗമന ചിത്രത്തിനു മോടിപിടിപ്പിക്കാൻ വീണ്ടും അവസരമുണ്ടായി. ഇന്ദിരാഗാന്ധിക്കു പിന്തുണ പ്രഖ്യാപിച്ചുകൊണ്ടു് താങ്കൾ മുന്നോട്ടുവന്നു. (അപ്പോൾ താങ്കളുടെ പല കൂട്ടുകാരും ചാഞ്ചാടിക്കളിക്കുകയായിരുന്നു എന്ന വസ്തുത വിസ്മരിക്കുന്നില്ല.) സ്വാഭാവികമായും കോൺഗ്രസ്സിലെ സോഷ്യലിസ്ററു പരിവർത്തനത്തിനുവേണ്ടി വാദിച്ച എം. എ. ജോൺ വീണ്ടും കോൺഗ്രസ്സിൽ അർഹമായ സ്ഥാനത്തെത്തുമെന്നു് ഞങ്ങൾ കരുതി.

എന്നാൽ കോൺഗ്രസ്സണികൾ കബളിപ്പിക്കപ്പെടുകയായിരുന്നു. പൊതു മൈതാനത്തും പത്രസമ്മേളനങ്ങളിലും പുതിയ കോൺഗ്രസ്സ് ഉദയംചെയ്തിരിക്കുന്നുവെന്നു് താങ്കളും കൂട്ടുകാരും പ്രഖ്യാപിച്ചുകൊണ്ടിരുന്നു. അപ്പോഴും ഒരുകാര്യത്തിൽ മാത്രം കോൺഗ്രസ്സ് പഴയതുതന്നെയെന്നു് താങ്കൾ ശഠിച്ചുനിന്നു. സിൻഡിക്കേററു് നേതാവു് ടി. ഒ. ബാവയുടെ നേതൃത്വത്തിൽ എം. എ. ജോണിനെതിരെയെടുത്ത അച്ചടക്കനടപടി തുടർന്നുപോകാനായിരുന്നു-താങ്കളുടെ താല്പര്യം. പഴയ കോൺഗ്രസ്സിന്റെ തുടർച്ചയാണു് ഇന്ദിരാഗാന്ധി നേതൃത്വം നൽകുന്ന കോൺഗ്രസ്സ് എന്നും അതുകൊണ്ടു് അച്ചടക്ക നടപടി തുടരണമെന്നും താങ്കൾ വാദിച്ചു.

തിരിഞ്ഞടിക്കുന്ന വാദമാണിതെന്നുപോലും താങ്കൾ ഓർത്തില്ല. കേരളത്തിൽ കോൺഗ്രസ്സിന്റെ കൺവീനറായിരുന്ന കെ. കെ. വിശ്വനാഥനെയും താങ്കളേയും എം. എ. ജോണിനെപ്പോലെ തന്നെ ടി. ഒ. ബാവ സംഘടനയിൽനിന്നു് സസ്പെൻറു ചെയ്തിരുന്നു. ഭരണഘടനയും നിയമവും പറഞ്ഞ താങ്കൾ വിശ്വനാഥൻ കോൺഗ്രസ്സുകാരനല്ലാതായിരിക്കുന്നു എന്നും പറയാതിരുന്നതു് നന്നായി.

സിൻഡിക്കേറ്റുകാർ പുറത്തുപോയശേഷം കേരളാ പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയിലെ ഭൂരിഭാഗം അംഗങ്ങളേയും നോമിനേറ്റ് ചെയ്തപ്പോഴും എം. എ. ജോണിന്റെ സ്ഥാനത്ത് നോമിനേഷൻ നടത്താൻ താങ്കൾക്ക് സാധിച്ചില്ല. കോൺഗ്രസ്സ് അണികളോട് അന്നൊക്കെ താങ്കൾ പറഞ്ഞത്, ജോൺ എവിടെ നിൽക്കുന്നു എന്നറിയേണ്ടേ എന്നാണ്.

കോൺഗ്രസ്സുകാർക്കുമാത്രമല്ല, കേരളത്തിലാർക്കുംതന്നെ എം. എ. ജോൺ എവിടെ നില്ക്കുന്നുവെന്ന സംശയമില്ലായിരുന്നു. പിളർപ്പുണ്ടായപ്പോൾത്തന്നെ പരസ്യപ്രസ്താവനയുമായി ആദ്യം രംഗത്തെത്തിയതും അണികളെ യഥാർത്ഥ കോൺഗ്രസിനുപിന്നിൽ സംഘടിപ്പിച്ചതും ജോൺ ആയിരുന്നു. എന്നിട്ടും താങ്കൾക്ക് സംശയമായിരുന്നു. എം. എ. ജോൺ എഴുതിത്തരണമെന്ന് താങ്കൾ ശഠിച്ചു. എല്ലായ്പ്പോഴും എല്ലാനിലയിലും കോൺഗ്രസിനെമാത്രം സേവിച്ചിട്ടുള്ള എം. എ. ജോണിനോട് നേതൃത്വം എഴുത്താവശ്യപ്പെട്ടു. അവസാനം എഴുതിക്കൊടുത്തപ്പോൾ സസ്പെൻഷൻ കാലാവധി കഴിയുംവരെ ജോൺ പുറത്തുനില്ക്കട്ടെ എന്ന് തീരുമാനിച്ചു; താങ്കൾ ആ ഫയൽ [illegible] താൽ അടച്ചുപൂട്ടിവെച്ചു.

താങ്കളുടെ ആവശ്യം ജോൺ കോൺഗ്രസിൽ കടന്നുവരരുതെന്നായിരുന്നുവോ? എന്തായാലും താങ്കൾ അങ്ങനെ പറഞ്ഞിട്ടില്ല. ജോണിനെ കോൺഗ്രസ് നേതൃത്വത്തിലേക്ക് കൊണ്ടുവരുവാൻ താങ്കളും ശ്രമിക്കുന്നുവെന്നാണ് താങ്കൾ ഭാവിച്ചത്. പക്ഷേ, എം. എ. ജോണിന്റെ തോളിൽച്ചവിട്ടി താങ്കൾ കയറിയിരുന്ന സ്ഥാനമുപയോഗിച്ച് താങ്കൾ എം. എ. ജോണിനെത്തന്നെ അകറ്റിനിർത്തുകയായിരുന്നു. താങ്കളുടെ ഈ ആഗ്രഹം നടപ്പാക്കാൻ യൂത്ത് കോൺഗ്രസ്—കെ. എസ്. യു. നേതൃത്വങ്ങളെ ധൂർത്തമായിത്തന്നെ താങ്കളുപയോഗിച്ചിട്ടുണ്ട് എന്നു പറഞ്ഞാൽ എന്താണു തെറ്റ്? പ്രവർത്തകരുടെ ഇംഗിതത്തെ മാനിക്കാതിരിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ തന്നെ ഉണ്ടായിട്ടില്ലേ? ഉദാഹരണത്തിന് മലപ്പുറത്തുചേർന്ന യൂത്ത് കോൺഗ്രസ് ക്യാമ്പിൽ 60 ഓളം പ്രതിനിധികൾ ചേർന്ന് എം. എ. ജോണിനെ കോൺഗ്രസിന്റെ നേതൃസ്ഥാനത്തു കൊണ്ടുവരണമെന്ന് പ്രമേയംവഴി ആവശ്യപ്പെട്ടത് താങ്കൾ ഓർക്കുമല്ലോ. അനൗദ്യോഗികപ്രമേയങ്ങൾ, പ്രതിനിധികളുടെ താല്പര്യത്തെ അങ്ങേയറ്റം മാനിച്ചുകൊണ്ടുതന്നെ, നിർവ്വാഹകസമിതി ചർച്ചചെയ്തു തീരുമാനിക്കുമെന്നു പറഞ്ഞ് നേതാക്കൾ കയ്യൊഴിയുകയാണുണ്ടായത്. പിന്നീടെന്തുണ്ടായി? പ്രതിനിധികളുടെ താല്പര്യങ്ങൾ മാനിക്കപ്പെട്ടു എന്ന് വാദിക്കാൻ കഴിയുമോ?

ഇനിയും കോൺഗ്രസണികളെ വഞ്ചിക്കുവാൻ സാധിക്കുകയില്ല. അച്ചടക്കനടപടികളുടെ ഭീഷണികളും ഹിരണ്യതുല്യമായ അടക്കിവാഴ്ചയുമുണ്ടായാലും ശരി സോഷ്യലിസ്റ്റ് പരിവർത്തനവാദികൾ ജോണിനുവേണ്ടി വാദിച്ചുകൊണ്ടിരിക്കും. കാരണം അവരുടെ പ്രത്യാശയുടെ ശബ്ദമാണ് ജോൺ.

എം. എ. ജോണിനു ലക്ഷ്യമുണ്ട്. എന്തിനാണ് ജോൺ കോൺഗ്രസുകാരനായിരിക്കുന്നതെന്നദ്ദേഹത്തിനറിയാം. അദ്ദേഹത്തെ അംഗീകരിക്കുന്നവർക്കും അനുയായികൾക്കും അതറിയാം. അതുകൊണ്ടുതന്നെ താങ്കളും കൂട്ടുകാരും കഴിഞ്ഞ നാലുവർഷമായി അകറ്റിനിർത്താൻ ശ്രമിച്ചിട്ടും ജോൺ കോൺഗ്ര

സ്വീകാരനായി തുടർന്നു. സ്ഥാനമാനങ്ങൾക്കുവേണ്ടിയായിരുന്നെങ്കിൽ അതു് നല്കാൻ തയ്യാറുള്ളവരുണ്ടായിരുന്നു. പല രാഷ്ട്രീയപാർട്ടികളും സ്ഥാനങ്ങളുമായി ഓടിക്കൂടിയിരുന്നു. എങ്കിലും അചഞ്ചലനായി, നിശ്ചയദാർഢ്യത്തോടെ, താല്ക്കാലികമായ തിരിച്ചടികൾക്കുപരി, കോൺഗ്രസിലൂടെ ഈ നാടിന്റെ മോചനം നേടാനാവൂ എന്ന വിശ്വാസത്തിലുറച്ചുനിന്നു് ജോൺ പ്രവർത്തിച്ചു. അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചതും താങ്കളെ പഠിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളതും അതാണു്.

താങ്കൾ ചേർത്തലയിലെ വിദ്യാർത്ഥിയായിരിക്കുമ്പോൾ എം. എ. ജോൺ നയിച്ച കെ.എസ്.യു.വിനെപ്പറ്റി—അതിന്റെ സ്വഭാവത്തെയും ഉദ്ദേശത്തെയും പരിപാടിയെയുംപറ്റി—താങ്കൾ പിന്നീടെപ്പോഴെങ്കിലും അവധാനപൂർവ്വം ചിന്തിച്ചിട്ടുണ്ടോ എന്നു ഞാൻ ആശങ്കിക്കുകയാണു്. പള്ളികളുടെയും സ്വകാര്യ പള്ളിക്കൂടങ്ങളുടെയും പിന്തുണയിൽ വളർന്ന കെ.എസ്.യു. എങ്ങനെ ഒരു പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനമായി മാറിയെന്നു് താങ്കൾ മറക്കുകയില്ലല്ലോ! എം. എ. ജോണാണു് കെ. എസ്. യു. വിനെ പുരോഗമനത്തിന്റെ പാതയിലേക്കു നയിച്ചതെന്നു് ചരിത്രമറിയാവുന്നവർ സമ്മതിക്കാതെ വയ്യ.

ആദർശശാലികളും കുടുംബബന്ധങ്ങളിൽ കുടുങ്ങിയിട്ടില്ലാത്തവരുമായ വിദ്യാർത്ഥികളുടെ അഖിലേന്ത്യാ സംഘടന രൂപവല്ക്കരിക്കണമെന്നു് ജോൺ ആശിച്ചിരുന്നു. ഇന്ത്യയിലെ ദരിദ്രരും നിരക്ഷരരുമായ ജനകോടികളുടെ സോഷ്യലിസ്റ്റ് മോചനത്തിനു്, സ്ഥാപിതതാല്പര്യമില്ലാത്ത വിദ്യാർത്ഥി-യുവജനങ്ങളുടെ മുന്നണിയായി യൂത്ത് കോൺഗ്രസിനെ വളർത്തണമെന്നാണു് അദ്ദേഹം ഉദ്ദേശിച്ചതു്. ഇന്ത്യയിലെ രാഷ്ട്രീയകക്ഷികൾ തമ്മിൽ വ്യത്യാസമില്ലെന്നും ഉപരിതലത്തിലെ 'സ്ഥാനാർത്ഥി'കളുടെ വിഹാരരംഗമായി കക്ഷിരാഷ്ട്രീയം അധഃപതിച്ചിരിക്കുന്നുവെന്നും എം. എ. ജോൺ കണ്ടിരുന്നു.

ഭാരതത്തിലെ ബഹുഭൂരിഭാഗം വരുന്ന ജനതയുടെ വിശ്വാസമാർജ്ജിച്ച, കാലാനുസൃതമായ മാറ്റങ്ങളുടെ ആവശ്യകത എന്നും അംഗീകരിച്ചിട്ടുള്ള, ഭാരതത്തിന്റെ പ്രത്യേകതകളെല്ലാമുൾക്കൊണ്ട കോൺഗ്രസായിരിക്കും സോഷ്യലിസ്റ്റ് പരിവർത്തനത്തിന്റെയും ഉപകരണമെന്നു് എം. എ. ജോൺ പഠിപ്പിച്ചു. ആശയരംഗത്തെ ഉൾപ്പാർട്ടി സമരത്തിലൂടെ സോഷ്യലിസ്റ്റ് സമരത്തിനുവേണ്ടി കോൺഗ്രസിനെ മൂർച്ചവരുത്തണമെന്നു് അദ്ദേഹം ഉപദേശിച്ചു. പൂജിക്കാനുള്ള വിഗ്രഹമല്ല, പ്രയോഗിക്കാനുള്ള ആയുധമാണു് സംഘടനയെന്നദ്ദേഹം ഉദ്ബോധിപ്പിച്ചു. കക്ഷിഭേദമെന്യേ പുരോഗമന നടപടികൾക്കു് പിന്തുണനല്കാൻ എം. എ. ജോൺ ആവശ്യപ്പെട്ടു. മുന്നോട്ടേയ്ക്കുള്ള ഓരോ കാൽവെപ്പിന്റെയും പിന്നിൽനിന്നു തള്ളുമ്പോൾ ലക്ഷ്യത്തിലേക്കു് കുതിച്ചുചാടാൻവേണ്ടി സർവ്വശക്തിയുമുപയോഗിക്കാൻ അദ്ദേഹം പ്രേരിപ്പിച്ചു.

എം. എ. ജോൺ കെ. എസ്. യു. വിലും യൂത്ത് കോൺഗ്രസിലും കോൺഗ്രസിലും പ്രവർത്തിച്ചതു് വ്യക്തമായ ലക്ഷ്യബോധത്തോടുകൂടിയായിരുന്നു. കെ. എസ്. യു. വിനെ യൂത്ത് കോൺഗ്രസുമായി ബന്ധപ്പെടുത്തിയതു് ജോൺ യൂത്ത് കോൺഗ്രസ് സെക്രട്ടറിയായിരുന്നകാലത്താണു് എ

ന്നോർക്കുമല്ലോ. അന്ന് കെ. എസ്. യു. പ്രസിഡൻറായിരുന്ന താങ്കളെ യൂത്ത് കോൺഗ്രസ് കമ്മററിയിലേക്ക് ജോൺ നോമിനേററ് ചെയ്തത് ഈ ലക്ഷ്യത്തോടുകൂടിയായിരുന്നുവല്ലോ. അതല്ല താങ്കൾക്കൊരു സ്ഥാനവുംകൂടി നല്കുക എന്നതായിരുന്നു ആ നടപടിയുടെ ലക്ഷ്യമെന്ന ബാലിശമായ വാദം ആർക്കും ഉന്നയിക്കാനാവുകയുമില്ലതന്നെ.

സ്ഥാനക്കയററങ്ങൾക്കുവേണ്ടി നിലകൊള്ളാത്തതാണോ എം. എ. ജോൺ ചെയ്ത തെററ്? ചരിത്രഗതിയിലുള്ള സോഷ്യലിസ്റ്റ് മുന്നേററത്തിനുവേണ്ടി എം. എ. ജോൺ ശ്രമിച്ചപ്പോഴൊക്കെ, അദ്ദേഹത്തിൻെറ ആശയക്കാർ എന്നവകാശപ്പെടുന്ന താങ്കളും കൂട്ടുകാരും ആ ശ്രമങ്ങളുടെപേരിൽമാത്രം ജോണിനെ എതിർത്തത് വല്ലാത്ത വിരോധാഭാസംതന്നെ.

എട്ടൊമ്പതു വർഷംമുമ്പ് കേരളത്തിലാദ്യമായി കോൺഗ്രസ് സോഷ്യലിസ്റ്റ് ഫോറം രൂപവല്ക്കരിച്ചത് ഞാനോർത്തുപോകയാണ്. എം. എ. ജോൺ അതു സംഘടിപ്പിച്ചപ്പോഴും താങ്കൾ എതിർത്തു. എല്ലാ കോൺഗ്രസ്സുകാരും സോഷ്യലിസ്റ്റുകാരായിരിക്കെ പിന്നെന്തിനാണ് സോഷ്യലിസ്റ്റ് ഫോറമെന്നായിരുന്നു താങ്കളും കൂട്ടരും ചോദിച്ചത്. താങ്കളുടേയും കൂട്ടുകാരുടേയും സ്ഥിരം ആതിഥേയനായ എറണാകുളത്തെ ഒരു ഹോട്ടലുടമയുടെ മുറിയിലിരുന്ന് താങ്കൾ സോഷ്യലിസ്റ്റുഫോറത്തെ അധിക്ഷേപിച്ചു. ഇന്ദിരാഗാന്ധി കോൺഗ്രസിൽനിന്ന് സിൻഡിക്കേററുകാരെ പുറത്താക്കിയപ്പോഴാണ് കോൺഗ്രസിൽ പിന്തിരിപ്പന്മാരും സോഷ്യലിസ്റ്റുവിരുദ്ധരുമുണ്ടെന്ന് താങ്കൾക്കും കൂട്ടർക്കും ബോധോദയമുണ്ടായത്. പിന്തിരിപ്പന്മാരേയും വർഗ്ഗീയവാദികളേയും കോൺഗ്രസിൽനിന്നകററിനിർത്തണമെന്നാണോ താങ്കളുടെ ആഗ്രഹം? അതോ അവരൊക്കെ കോൺഗ്രസിനെ സ്വാധീനിച്ചാലും എം. എ. ജോണിനെ എതിർക്കണമെന്നാണോ തീരുമാനം?

സംശയിച്ചുപോകുകയാണ്. ടി. ഒ. ബാവയ്ക്കെതിരെ കെ. പി. സി. സി. പ്രസിഡൻറ് സ്ഥാനത്തേയ്ക്ക് ജോൺ മത്സരിച്ചപ്പോഴും ആൻറണീ, യുവാക്കളിൽ താങ്കൾമാത്രം എതിർത്തു. അന്നത്തെ കെ. എസ്. യു. പ്രസിഡൻറ് ഉമ്മൻ ചാണ്ടിയും സംസ്ഥാന യൂത്ത് കോൺഗ്രസ് കമ്മിററി കൺവീനർ വയലാർ രവിയും ഇക്കാര്യത്തിൽ ജോണിൻെറ കൂടെയായിരുന്നു. കേരളത്തിലെ യൂത്ത് കോൺഗ്രസുകാരുടേയും വിദ്യാർത്ഥികളുടേയും എല്ലാ ഉല്പതിഷ്ണുക്കളുടേയും പ്രതീകമായി അന്ന് എം. എ. ജോൺ പരിവർത്തനത്തിൻെറ കാഹളമുയർത്തിക്കൊണ്ടാണ് മത്സരിച്ചത്. പക്ഷേ, ദൗർഭാഗ്യമെന്നുപറയട്ടെ ഇന്ന് കൂട്ടായ നേതൃത്വത്തിൻെറ പേരിൽ സംസാരിക്കുന്ന താങ്കൾ അന്നും എം. എ. ജോണിനെ എതിർത്തു. പത്തുവർഷമെങ്കിലും പി. സി. സി. അംഗമാകാതെ പ്രസിഡൻറുപദത്തിനുവേണ്ടി മത്സരിക്കരുതെന്നായിരുന്നു 'പക്വമതിത്വത്തിൻെറ' പേരിൽ താങ്കൾ സ്വീകരിച്ച നിലപാട്.

താങ്കളിപ്പോൾ കേരളത്തിലെ കോൺഗ്രസിൻെറ പരമോന്നത സ്ഥാനത്തേക്കു കയറുകയാണ്. ഈ സന്ദർഭത്തിലെങ്കിലും സ്വന്തം സ്ഥാനവലുപ്പത്തിനനുസൃതമായി താങ്കൾ സംഘടനയെ കാണുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. താങ്കളുടെ വ്യക്തിപരമായ ഉയർച്ചയ്ക്കുള്ള തടസ്സമായിരിക്കും ജോൺ എന്നും താങ്കൾ ഭയപ്പെടുന്നുണ്ടാകാം. കഴിയാവുന്നവരെയൊക്കെ സ്വന്തം തോളി

ലേററി ഉയർത്തിയ ജോണിനെ എന്തിനു ഭയപ്പെടണം? കോൺഗ്രസിനെ പരിവർത്തനോന്മുഖമാക്കുക എന്ന വിശാല ലക്ഷ്യത്തോടെ ജോൺ ആവിഷ്കരിച്ച ഓരോ പരിപാടിയേയും ജോണിനെത്തന്നേയും താങ്കൾ എതിർത്ത അവസരത്തിലും താങ്കൾക്കു് സ്വീകരണം സംഘടിപ്പിക്കുകയായിരുന്നു ജോൺ എന്ന കാര്യം താങ്കളെങ്കിലും വിസ്മരിച്ചുകൂടാത്തതാണു്. കാരണം കേന്ദ്ര വിരുദ്ധസമരത്തിനു് പുറപ്പെട്ട ഇ. എം. എസ്. മന്ത്രിസഭയ്ക്കെതിരെ പ്രക്ഷോഭണം നയിക്കുന്ന യൂത്ത് കോൺഗ്രസ് പ്രസിഡൻറായിരുന്നു അന്നു് താങ്കൾ. ഭാവനാരഹിതരും നിഷ്ക്രിയരുമായ കെ. പി. സി. സി. നേതാക്കൾ താങ്കളുടെ മുന്നിൽ വലിച്ചിട്ട വിലക്കുകൾ എടുത്തുമാററിയതും എം. എ. ജോൺ ആയിരുന്നു.

രാജ്യത്തിൻെറ ലക്ഷ്യത്തേയും അതു നേടാൻ കോൺഗ്രസിനെക്കൊണ്ടുള്ള ആവശ്യത്തേയും കുറിച്ചറിയുന്ന നേതാവാണു് ജോൺ. വ്യക്തിപരമായ പരിഗണനകൾ അദ്ദേഹത്തിനും അദ്ദേഹത്തിൻെറ അനുയായികൾക്കും ഒരിക്കലും പ്രശ്നമായിട്ടില്ല. എം. എ. ജോണിനെ എതിർത്തതിൻെറ പേരിൽ സംസ്ഥാന യൂത്ത് കോൺഗ്രസ്സ് കമ്മിററിയുടെ ജോയിൻറ് കൺവീനർ സ്ഥാനത്തുനിന്നു് താങ്കളെ നീക്കം ചെയ്തുകൊണ്ടു് വയലാർ രവി നൽകിയ നോട്ടീസ് താങ്കൾ വിസ്മരിച്ചിരിക്കുകയില്ലല്ലോ. സംഘടനയിൽ അവശ്യമായും ഉണ്ടായിരിക്കേണ്ട ജനാധിപത്യാവകാശങ്ങളുടെ പേരിൽ അന്നു് താങ്കൾക്കുവേണ്ടി വാദിക്കുകയും വയലാർ രവിയെക്കൊണ്ടു് നോട്ടീസ് റദ്ദാക്കിക്കുകയും ചെയ്തതു് എം. എ. ജോണും വി. രാമചന്ദ്രനുമായിരുന്നുവല്ലോ. (ജോണിനെ അനുകൂലിച്ചതിൻെറ പേരിൽ താങ്കൾ നേരിട്ടു് യൂത്ത് കോൺഗ്രസിൻെറ സംസ്ഥാന കമ്മിററിയിൽനിന്നു് നീക്കം ചെയ്ത ഒരു ഡസനിലേറെപ്പേരിൽ ആദ്യത്തെയാളായ വി. രാമചന്ദ്രൻ)

മറിച്ചു് താങ്കളുടെകൂടി നേതാവെന്നു് താങ്കൾതന്നെ പലപ്പോഴും പറഞ്ഞിട്ടുള്ള എം. എ. ജോണിനെ ഇന്നും സംഘടനയ്ക്കു പുറത്തുനിർത്താൻ താങ്കൾ വ്യഗ്രത കാണിക്കുന്നു എന്ന ആരോപണത്തെ അംഗീകരിക്കാൻ എന്നെ അനുവദിച്ചാലും. സംഘടനാതീതമാനം നടപ്പാക്കാൻവേണ്ടി വാദിച്ചതിൻെറ പേരിൽ നാലുവർഷം മുമ്പു് രണ്ടുവർഷത്തേയ്ക്കു് കോൺഗ്രസ്സിൽനിന്നും സസ്പെൻറു ചെയ്യപ്പെട്ട എം. എ. ജോണിനു് സജീവാംഗത്വത്തിന്നർഹതയില്ലപോലും! മറിച്ചു് കോൺഗ്രസ്സിൻെറ ഔദ്യോഗിക സ്ഥാനാർത്ഥിക്കെതിരെ പരസ്യമായി മാഹിയിൽ പ്രവർത്തിച്ചതിൻെറ പേരിൽ ഏതാണ്ടതേ കാലത്തുതന്നെ കോൺഗ്രസ്സിൽനിന്നു് ആറു വർഷത്തേയ്ക്കു് പുറംതള്ളപ്പെട്ട ഒരാളും, ഒല്ലൂരിൽവെച്ചു് ടി. ഒ. ബാവയുടെ നേതൃത്വത്തിൽ നടന്ന പട്ടിണിജാഥയെ അവഹേളിച്ചു എന്ന ആരോപണത്തിൻെറ പേരിൽ 6 വർഷത്തേക്കു് പുറംതള്ളപ്പെട്ട മറെറാരാളും പി. സി. സി. മെമ്പറും ഡി. സി. സി. മെമ്പറും ഒക്കെയാകുന്നതിൽ താങ്കളുടെ ദൃഷ്ടിയിൽ നിയമതടസ്സമേതുമില്ല. അതും മൂന്നുവർഷം തികയുന്നതിനു മുമ്പുതന്നെ. താങ്കൾ നേതൃത്വത്തിൻെറ നിർണ്ണായക സ്ഥാനത്തെത്തിക്കഴിഞ്ഞിട്ടും എത്രയോ സിൻറിക്കേററുകാർ സംഘടനയുടെ താക്കോൽസ്ഥാനങ്ങളിലേയ്ക്കു് നുഴഞ്ഞുകയറിയിട്ടുണ്ടു്. സിൻറിക്കേററുകാരനായിരിക്കെ ശ്രീ കെ. എം. ഐ. മേത്തരെ

എ. ഐ. സി. സി. അംഗങ്ങൾക്കുള്ള ബാഡ്ജ് നൽകി ദൽഹി സമ്മേളനത്തിൽ പങ്കെടുപ്പിച്ചതും ഇപ്പോൾ അദ്ദേഹത്തെ മെയ് മാസത്തിൽ നടക്കാനിരിക്കുന്ന യുത്ത് കോൺഗ്രസ്സ് സമ്മേളനത്തിന്റെ സ്വാഗതസംഘത്തിൽ ഒരു പ്രധാനപ്പെട്ട കമ്മിററിയുടെ ചുമതലയേൽപ്പിച്ചിരിക്കുന്നതും നിഷേധിക്കാൻ കഴിയില്ലല്ലോ. സിൻഡിക്കേററ് നേതാവ് രണ്ടുവർഷത്തേയ്ക്ക് സസ്പെൻറു ചെയ്തതിന്റെപേരിൽ എത്രകാലം ജോൺ സംഘടനയ്ക്കു പുറത്തു നിൽക്കണമെന്നാണ് താങ്കൾ ശഠിക്കുന്നതു്? അതും പുറത്താക്കപ്പെട്ടിട്ടും സംഘടനയിൽത്തന്നെ ഉറച്ചുനിൽക്കുന്ന എം. എ. ജോൺ.

1971 ഏപ്രിൽ മാസത്തിൽ ജോണിന്റെ സസ്പെൻഷൻകാലാവധി തീർന്നിരുന്നു. കാലാവധി തീരുമ്പോൾ സ്വാഭാവികമായും പഴയ സ്ഥാനങ്ങൾ തിരിച്ചുകിട്ടേണ്ടതാണ്. മെമ്പർഷിപ്പും പി. സി. സി. അംഗത്വവും തിരികെ പ്രാബല്യത്തിൽ വരേണ്ടിയിരുന്നതാണ്. പക്ഷെ താങ്കൾ അതിനെ എതിർത്തു. സസ്പെൻറുചെയ്ത കമ്മിററിയുടെതന്നെ തുടർച്ചയാണ് പിന്നീടുണ്ടായ കമ്മിററി എന്നവകാശപ്പെട്ട താങ്കൾ അതു ചെയ്തില്ല. സസ്പെൻഷൻ നിലവിലിരിക്കെ നടന്ന പൊതു തെരഞ്ഞെടുപ്പിൽപ്പോലും കോൺഗ്രസ്സിനുവേണ്ടി സജീവമായി പ്രവർത്തിച്ച എം. എ. ജോണിന് സസ്പെൻഷൻ കാലാവധി കഴിഞ്ഞിട്ടും പ്രൈമറി അംഗത്വംപോലും നൽകുന്നതിനെ താങ്കൾ വിലക്കിയിരുന്നു.

ഏതായാലും താങ്കളും മററു നേതാക്കളും എം. എ. ജോണിന് കോൺഗ്രസ്സിലെ പ്രാഥമികാംഗത്വമെങ്കിലും നൽകാൻ നിർബ്ബന്ധിതരായി. 365 ദിവസത്തെ തുടർച്ചയായ പ്രാഥമികാംഗത്വമില്ലെന്ന കാരണം പറഞ്ഞ് സജീവാംഗത്വം നിഷേധിക്കുന്നതിനേ സാധിച്ചുള്ളു. സംഘടന ഭിന്നിച്ചപ്പോൾ കോട്ടയം ജില്ലാ കോൺഗ്രസ്സ് കമ്മിററിയുടെ പ്രസിഡൻറായിരുന്ന ശ്രീ പി. കെ. കുര്യൻതന്നെ നേരിട്ട് നൽകിയ പ്രാഥമികാംഗത്വം താങ്കളുടെ നിർദ്ദേശാനുസരണം നിരസിക്കപ്പെട്ടു. '71–72ലേക്കു അംഗത്വരശീതച്ചടിച്ചിട്ടില്ലാത്തപ്പോൾ എം. എ. ജോണിനെങ്ങിനെ പ്രാഥമികാംഗത്വം ലഭിക്കും എന്നായിരുന്നു താങ്കളുടെ വാദം, ഈ വാദം ശരിയാകണമെങ്കിൽ ആ വർഷം നമുക്കാർക്കും പ്രാഥമികാംഗത്വംപോലുമില്ലായിരുന്നെന്നംഗീകരിക്കേണ്ടിവരും.

സജീവാംഗത്വത്തിനുവേണ്ടി അഖിലേന്ത്യാ കോൺഗ്രസ്സ് പ്രസിഡൻറു് മുമ്പാകെ അപ്പീൽ ബോധിപ്പിക്കുന്നതുപോലും ഗുരുതരമായ പാതകമായാണ് താങ്കൾ കാണുന്നതു്. 18 വർഷത്തെ എല്ലാംത്യജിച്ചുള്ള സംഘടനാപ്രവർത്തനത്തിന്റെ ആരും നിഷേധിക്കാത്തതിന്റെ തെളിവുകളുള്ളപ്പോൾ, സജീവാംഗത്വം നിഷേധിച്ചതു നീതീകരിക്കാൻ താങ്കൾക്കുപോലും സാധിക്കുമായിരുന്നില്ല. അപ്പോൾ എം. എ. ജോൺ നക്സലൈററാണെന്നും മാർക്സിസ്റ്റുകാരനാണെന്നും പ്രധാനമന്ത്രിയുടെ വിമർശകനാണെന്നും സംഘടനയ്ക്കു കൊള്ളാത്തവനാണെന്നും താങ്കളും കൂട്ടുകാരും കോൺഗ്രസ്സ് പ്രസിഡൻറിനെ ധരിപ്പിച്ചു. അവസാനം അപ്പീലിന്മേൽ തീരുമാനമെടുക്കരുതെന്ന് കോൺഗ്രസ്സ് പ്രസിഡൻറിനോട് താങ്കൾതന്നെ ആവശ്യപ്പെട്ടു.

എം. എ. ജോൺ സജീവാംഗമായാൽ പി. സി. സിയിൽ അംഗമാകുമെന്നായിരുന്നുവോ താങ്കൾ ഭയപ്പെട്ടിരുന്നത്? ഞാനും, എന്നേപ്പോലെ കോൺഗ്രസ്സിൽ പരിവർത്തനമാഗ്രഹിക്കുകയും ചെയ്യുന്ന ആയിരക്കണക്കിനാളുകളും ജോൺ കോൺഗ്രസ്സിനെ നയിക്കാനുണ്ടായിരുന്നെങ്കിൽ എന്നാണാശിക്കുന്നത്. താങ്കൾക്കും കൂട്ടുകാർക്കും രാഷ്ട്രീയം വിദ്യാർത്ഥിജീവിതത്തിൽ ഇടക്കാല വിനോദം മാത്രമായിരുന്ന അവസരത്തിൽ ഗൗരവബുദ്ധിയോടെ മുഴുവൻസമയവും രാഷ്ട്രീയ പ്രവർത്തനം നടത്താൻ വിദ്യാഭ്യാസം വിട്ടെറിഞ്ഞു പോരുകയാണ് ജോൺ ചെയ്തത്. വിദ്യാർത്ഥികളെ മുഴുവൻ സമരരംഗത്തിറക്കി, സ്വയം പരീക്ഷയെഴുതുകയോ ബിരുദം നേടുകയോ ചെയ്യുന്ന വിരുത് അദ്ദേഹം കാണിച്ചിട്ടുള്ളതായി എനിക്കറിവില്ല. മനഃപൂർവ്വം പഠിത്തം നിർത്തിയപ്പോഴും കോൺഗ്രസിനും സോഷ്യലിസ്റ്റ് പരിവർത്തനത്തിനും വേണ്ടി അദ്ദേഹം നിലകൊണ്ടു. മുഴുവൻ സമയവും കർഷകത്തൊഴിലാളികൾക്കും ഹരിജനങ്ങൾക്കും വേണ്ടി പോരാടി. കോൺഗ്രസ് ഭരിക്കുമ്പോഴും മുതലാളിവർഗ്ഗത്തിന്റെ മർദ്ദനങ്ങൾക്കിരയായി. ഇപ്പോഴും തോട്ടമുടമകൾക്കു വേണ്ടിയെടുത്തിട്ടുള്ള നിരവധി കള്ളക്കേസ്സുകളിൽ അദ്ദേഹം ഒന്നാം പ്രതിതന്നെയാണ് എന്ന് താങ്കൾക്കറിയാമല്ലോ. കർഷകത്തൊഴിലാളിസമരങ്ങൾക്കിടയിൽ ജോൺ കൊല്ലപ്പെട്ടിരുന്നുവെങ്കിൽ എന്ന് താങ്കളുടെ ഉററ സുഹൃത്തും സഹപ്രവർത്തകനുമായ ഒരു യുവനേതാവ് താങ്കളോടുള്ള ആത്മാർത്ഥതയുടെപേരിൽ 'ഉറക്കെ ചിന്തിച്ച്'പോയതായി കേട്ടപ്പോൾ ഞാൻ ഒരേസമയം അത്ഭുതപ്പെടുകയും ലജ്ജിക്കുകയും ചെയ്തു. ഇതിനുമാത്രം ജോൺ കോൺഗ്രസിനോടും താങ്കളോടും എന്തപരാധമാണ് ചെയ്തിട്ടുള്ളതെന്ന് എനിക്കു മനസ്സിലാകുന്നില്ല.

പറയുന്നതുപോലെ പ്രവർത്തിക്കുന്നതാണ് കുററമെങ്കിൽ തീർച്ചയായും എം. എ. ജോൺ കുററവാളിയാണ്. പക്ഷെ അങ്ങിനെയുള്ള "കുററവാളികളെയാണ് മാററം ആഗ്രഹിക്കുന്ന' ജനത ഇന്നുററുനോക്കുന്നത്. പരിവർത്തനമാഗ്രഹിക്കുന്നവരും അദ്ധ്വാനിക്കുന്നവരുമായ ജനതയെ കൂടുതൽ കൂടുതൽ കോൺഗ്രസിലേക്കാകർഷിച്ച് വിജയത്തിലെത്തിക്കുന്നതിനു് എം. എ. ജോൺ നേതൃത്വം നൽകുമെന്നാണ് ഇന്നായിരക്കണക്കിനുള്ള കോൺഗ്രസ് പ്രവർത്തകർ പ്രത്യാശിക്കുന്നത്.

എന്നാൽ ഇന്നും ജോണിനെതിരെ പരിഹാസ്യമായ വാദങ്ങളുന്നയിച്ച് കോൺഗ്രസിനെ പരിഹാസ്യമാക്കുന്ന പ്രവർത്തനമാണ് താങ്കളെ പ്രീണിപ്പിക്കുന്നതിൽമാത്രം ഉത്സുകരായ ചിലർ നടത്തിക്കൊണ്ടിരിക്കുന്നത്. നേതൃത്വം പ്രാഥമികാംഗത്വംമാത്രമേ നൽകിയിട്ടുള്ളുവെങ്കിലും കോൺഗ്രസ്സണികൾക്കിന്നും നേതാവാണ് എം. എ. ജോൺ. അതുകൊണ്ടാണല്ലോ കേരളത്തിന്റെ നാനാ ഭാഗത്തുമുള്ള കോൺഗ്രസ്സുകാരും യൂത്ത് കോൺഗ്രസ്സുകാരും കെ. എസ്. യുക്കാരും ജോണിനംഗത്വംകിട്ടിയ ദിവസംമുതൽതന്നെ അദ്ദേഹത്തെ പങ്കെടുപ്പിച്ചുകൊണ്ടും പങ്കെടുപ്പിക്കാൻവേണ്ടിയും പ്രവർത്തക യോഗങ്ങളും പൊതുയോഗങ്ങളും സംഘടിപ്പിക്കാൻ ആവേശപൂർവ്വം മുന്നോട്ടു വന്നത്. സുഗമമായ ഈ കോൺഗ്രസ് പ്രവർത്തനത്തിനുപോലും തടസമുണ്ടാക്കുന്ന ചില പ്രീണനക്കാർ കോൺഗ്രസിന്റെ പുരോഗമന സ്വ

ഭാവത്തെത്തന്നെ അവഹേളനാപാത്രമാക്കുന്നു. കോൺഗ്രസംഗമായ ജോണി നെ കോൺഗ്രസ് യോഗങ്ങളിൽ പങ്കെടുപ്പിക്കരുതെന്ന് താങ്കളുടെ അറി വോടെ യൂത്ത് കോൺഗ്രസ് നേതാക്കൾ ഇന്നു് പ്രചരണം നടത്തുകയാ ണു്. പല കോൺഗ്രസ് കമ്മിററികളേയും അവർ ഭീഷണിപ്പെടുത്തുന്നുണ്ട്. കോൺഗ്രസ് കമ്മിററികളുടേയും പങ്കെടുക്കുന്ന കോൺഗ്രസ് മെമ്പറായ ജോണിന്റെയും അവകാശങ്ങളെ ഹനിക്കുന്ന ഈ പ്രവൃത്തി ഏകാധിപത്യം നിലവിലുള്ള രാജ്യങ്ങളിലെമാത്രം രീതിയാണു്. ഉദാഹരണത്തിനു് ഈയി ടെ തളിപ്പറമ്പിൽ പി. സി. ചാക്കോ വിളിച്ചുകൂട്ടിയ യോഗത്തിലുണ്ടായ സംഭവം ഞാൻ താങ്കളുടെ ശ്രദ്ധയിൽ പെടുത്തുകയാണു്. യൂത്തുകോൺഗ്ര സ് പ്രസിഡന്റും പി. സി. സി. പ്രവർത്തകസമിതിയംഗവുമായ ചാക്കോ യോഗത്തിൽ എം. എ. ജോൺ കോൺഗ്രസ്സല്ലെന്നു പറയുകയും പ്രവർത്തക രൊന്നടങ്കം അതിനെ ചോദ്യംചെയ്തതിന്റെ ഫലമായി ചാക്കോ മാപ്പുപറ യേണ്ടിവരികയും ചെയ്തു. മേലിൽ ഇങ്ങനെ വ്യാജപ്രചരണം നടത്തരുതെ ന്നു് നിർദ്ദേശിക്കുവാനുള്ള ഔചിത്യം താങ്കളിൽനിന്നു് ന്യായമായും പ്രതീ ക്ഷിക്കട്ടെ.

മററുചില ദുഷ്പ്രചരണങ്ങളും ജോണിനെതിരായി ചിലർ നടത്തുന്നു ണ്ടു്. എറണാകുളത്തു് യൂത്ത് കോൺഗ്രസ് പ്രവർത്തിക്കുന്ന കെട്ടിടവും സ്ഥ ലവും ജോൺ വിട്ടുകൊടുക്കുന്നില്ലെന്ന ആരോപണം കേൾക്കാനുണ്ടു്. യൂ ത്ത് കോൺഗ്രസ് ജനറൽ സെക്രട്ടറിയായിരുന്ന ജോണുൾപ്പെട്ട ഒരു മൂന്നംഗ ട്രസ്ററിന്റെ പേരിലാണതെന്നറിയാമല്ലോ. സമ്പൂർണ്ണമായും നിർബാ ധം യൂത്ത് കോൺഗ്രസിന്റെ കൈവശമിരിക്കുന്ന കെട്ടിടം ജോൺ വിട്ടു കൊടുക്കണമെന്നു് പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ജോണി ന്റെ പേരിൽ ആക്ഷേപമുണ്ടെങ്കിൽത്തന്നെ ട്രസ്ററംഗങ്ങളു ടെ യോഗം വിളിച്ചുകൂട്ടി ട്രസ്ററിയായ ജോണിനെ നീക്കംചെയ്യാവുന്ന തല്ലേയുള്ളു.

ഇതിലേറെ ബാലിശമായ പ്രചരണം ജോണുമായി ബന്ധപ്പെടുത്തി ക്കൊണ്ടുള്ള ചില പത്രവാർത്തകളെച്ചൊല്ലിയുള്ളതാണു്. ഏതെങ്കിലും പത്ര ത്തിലോ വാരികയിലോ കോൺഗ്രസ് നേതാക്കൾക്കു് അനിഷ്ടകരമായ വാർത്തകൾ വരുന്നതിനു് ജോണിനെ പഴിചാരുന്നതിലുള്ള യുക്തി ദുരൂഹമാ യി എനിക്കു തോന്നുന്നു. ഏതെങ്കിലും പത്രത്തിൽ ഏതെങ്കിലും കോൺഗ്ര സ് നേതാവിനെതിരായി വരാനിടയുള്ള ഏതു വാർത്തയ്ക്കും ജോണുത്തരം പറയണമെന്നു് ശഠിക്കുന്നതുപോലെ തോന്നുന്നു. ആട്ടിൻകുട്ടിക്കെതിരെ ചെന്നായപോലും ഇപ്രകാരമുള്ളൊരു ന്യായവാദം കൊണ്ടുവന്നുകാണുകയില്ല.

ആരെന്തൊക്കെപ്പറഞ്ഞാലും ഇന്നു് കക്ഷിഭേദമെന്യേ ജനങ്ങൾ എം. എ. ജോണിനെ പുരോഗമനാശയങ്ങളുടെ പ്രതീകമായിട്ടാണു് കാണുന്നതു്. പറവൂർ ഉപതെരഞ്ഞെടുപ്പുഫലത്തിന്റെ അടിസ്ഥാനത്തിൽ വീക്ഷിക്കു മ്പോൾ കോൺഗ്രസിനെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത നമുക്കു് ബോദ്ധ്യപ്പെടേണ്ടിയിരിക്കുന്നു. മുമ്പു് കോൺഗ്രസിനു് പിന്തുണ നല്കിയി രുന്ന ഒരുവിഭാഗം കോൺഗ്രസിനെ എതിർക്കുന്നതിന്റെ ഫലമായി മിക്ക വാറും എല്ലാ നിയോജകമണ്ഡലങ്ങളിലും രണ്ടായിരംമുതൽ എണ്ണായിരംവ

രെ വോട്ടുകൾ കോൺഗ്രസിനു് കുറവു വന്നിട്ടുണ്ടെന്നു് കണക്കാക്കേണ്ടിയിരിക്കുന്നു. ഈ വിഭാഗക്കാർ കോൺഗ്രസിൽനിന്നു് അകന്നുപോയിക്കൊള്ളട്ടെ. അവർ തിരിച്ചുവരേണ്ടവരല്ല. നാമാഗ്രഹിക്കുന്ന പരിവർത്തനത്തിനു് പിന്തുണ നല്കേണ്ട പാവപ്പെട്ടവരെ മറ്റു കക്ഷികളിൽനിന്നു്, പ്രത്യേകിച്ചു മാർക്സിസ്റ്റു പാർട്ടിയിൽനിന്നു് അടിയന്തിരമായി നമ്മുടെ അണിയിലേക്കു് കൊണ്ടുവരേണ്ടിയിരിക്കുന്നു. സോഷ്യലിസ്റ്റു പരിവർത്തനമാഗ്രഹിക്കുന്ന പാവപ്പെട്ടവരെ കോൺഗ്രസിലേക്കാകർഷിക്കാൻ ഇന്നു് എം. എ. ജോണിനെപ്പോലെ വിജയിക്കാൻ പറ്റുന്ന ഒരൊറ്റ നേതാവില്ല എന്നു് താങ്കൾക്കും അറിയാമല്ലോ. താങ്കൾ യുക്തംപോലെ ചെയ്യുക.

ഈ കത്തിൽ എന്റെ അറിവിൽപ്പെട്ടിടത്തോളമുള്ള വസ്തുതകളിൽ പെട്ടെന്നോർമ്മവന്ന ഏതാനും കാര്യങ്ങൾ മാത്രമേ പരാമർശിച്ചിട്ടുള്ളു. എന്നിട്ടുപോലും, ഈ കത്തു് പ്രതീക്ഷിച്ചതിലേറെ നീണ്ടുപോയി. താങ്കളുടെ വിലപ്പെട്ട സമയത്തിന്റെ നല്ലൊരുപങ്കു് ഇതപഹരിക്കുമെന്നറിയാം. ഞാനിതു വളരെക്കാലമായി എഴുതാൻ ഉദ്ദേശിച്ചിട്ടുള്ളതാണു്. താങ്കൾക്കു വരുത്തിയ ഈ ക്ലേശം ക്ഷമാപൂർവ്വം സഹിക്കുമെന്നുതന്നെ ഞാൻ പ്രത്യാശിക്കുന്നു.

വസ്തുതകൾ വളച്ചൊടിക്കാതെ സത്യസന്ധമായി തുറന്നുപറയാൻ ഞാനിതിൽ മടിച്ചിട്ടില്ല. ഇതിലെ ഏതെങ്കിലും പരാമർശങ്ങൾ താങ്കളെ പ്രകോപിതനാക്കുമെന്നു് ഞാൻ കരുതുന്നില്ല. താങ്കൾ അത്രക്കൊരു സങ്കുചിത മനഃസ്ഥിതിക്കാരനാണെന്നു് ഞാൻ ഒരിക്കലും വിശ്വസിക്കുകയില്ല. മറിച്ചു് ഏതെങ്കിലുംഭാഗം താങ്കളെ വേദനിപ്പിക്കുമെങ്കിൽ അതിലെനിക്കു് യഥാർത്ഥമായു് കുണ്ഠിതമുണ്ടു്. താങ്കളെ വേദനിപ്പിക്കുവാൻ ഞാൻ അശേഷം ആഗ്രഹിച്ചിട്ടില്ല. പറയാനുള്ള കാര്യങ്ങൾ തുറന്നുപറഞ്ഞു എന്നുമാത്രം. അങ്ങനെയാണല്ലോ ചെയ്യേണ്ടതും. നാമൊക്കെ പരസ്പരം വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ട സഹപ്രവർത്തകരാണു്, അന്യോന്യം ഭയപ്പെടേണ്ടവരല്ലതന്നെ.

താങ്കളുടെ സമയം അനുവദിക്കുന്നതനുസരിച്ചുള്ള ഒരു മറുപടി ഞാൻ പ്രതീക്ഷിക്കുന്നു.

സ്നേഹാദരങ്ങളോടെ താങ്കളുടെ
സ്വന്തം

**എസ്. കെ. മാധവൻ (ഒപ്പ്)**

P. S. ഈ കത്തിന്റെ പകർപ്പു് കോൺഗ്രസ് ഭാരവാഹികൾക്കു് ഞാൻ അയയ്ക്കുന്നുണ്ടു്. താങ്കൾക്കതിൽ വിരോധമുണ്ടാവുകയില്ലെന്നു് പ്രതീക്ഷിക്കുന്നു.

ഭാവനപ്രസ്, കൊച്ചിൻ - 15